

# എമ്മാവൂസ് വചനദൂത്

ശ്ലീഹാക്കാലം ഏഴാം ഞായർ ലൂക്കാ 13:23 – 30

Vol.38 / Issue - 53 / 16 July 2017

## ഇടുങ്ങിയ വാതിലിലൂടെ സ്വർഗ്ഗരാജ്യത്തിലേയ്ക്ക്



ബ്ര. ജിനിൽ വടക്കേമുറി

മുൻ മെക്സിക്കൻ സുന്ദരി എക്സ്മാൾഡോ സോളിക്സ് ഗൊൺസാലസ് എന്ന 21-കാരി യുവതി കത്തോലിക്കായിൽ ചേർന്ന് സന്യാസിനിയായത് സമൂഹ്യമാധ്യമങ്ങളിലൂടെയെല്ലാം പ്രചരിച്ച ഒരു വാർത്തയാണ്. തനിക്ക് സ്വന്തമാക്കാമായിരുന്ന അംഗീകാരങ്ങളുടെയും സുഖങ്ങളുടെയും എല്ലാം വിശാലമായ വഴികളെ ത്യജിച്ച് അവൾ സ്വീകരിച്ച വലിയ ത്യാഗത്തിന്റെ പാത ഇടുങ്ങിയതായിരുന്നു. 'ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുക' എന്നതിലൂടെ മൂന്ന് സന്ദേശങ്ങളാണ് സഭാമാതാവ് നൽകുന്നത്. അവ ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കാൻ നിരന്തരം ശ്രമിക്കുക, നീതിനിഷ്ഠമായ ജീവിതം നയിക്കുക. ദൈവകൃപയിലാശ്രയിക്കുക എന്നിവയാണ്.

ഒറ്റയടിപ്പാതയിലൂടെ നടക്കുന്നതുപോലെയും വീതികുറഞ്ഞ വാതായനത്തിലൂടെ പ്രവേശിക്കുന്നതുപോലെയും ക്ലേശകരവും നിരന്തരമായ പരിശ്രമം ആവശ്യപ്പെടുന്നതുമാണ് സ്വർഗ്ഗരാജ്യപ്രവേശനം. ഇന്നു കത്തോലിക്കാ സഭയിലുള്ള ഓരോ വിശുദ്ധന്റെയും വിശുദ്ധയുടെയും ജീവിതം നമുക്കു മുമ്പിൽ തുറന്നു കാണിക്കുന്നത് സ്വർഗ്ഗരാജ്യത്തെ പ്രതി എത്രമാത്രം പീഢകളും കഷ്ടപ്പാടും അവർ സ്വന്തം ജീവിതത്തിൽ സ്വീകരിച്ചു എന്നതാണ്. മറ്റുള്ളവരാൽ തരംതാഴ്ത്തപ്പെടുമ്പോഴും ചെയ്യാത്ത കുറ്റങ്ങൾ അടിച്ചേൽപ്പിക്കുമ്പോഴും അവരത് സ്വർഗ്ഗത്തിലേക്കുള്ള പാതയായി കണക്കാക്കി സഹിക്കുകയായിരുന്നു. പരിശ്രമം എന്നത് നമ്മുടെ ഭാഗത്ത് നിന്ന് നാം ചെയ്യേണ്ട പ്രവൃത്തിയാണ്.

യഹൂദ ജനം തങ്ങൾ രക്ഷിക്കപ്പെട്ട ജനമാണെന്നും ദൈവത്തിന്റെ സ്വന്തം ജനമെന്ന നിലയിൽ ആ ജനപദത്തിലുള്ള അംഗത്വം കൊണ്ടു മാത്രം രക്ഷപ്പെടുമെന്നും കരുതിയിരുന്നു.

എന്നാൽ യേശു അത് തിരുത്തി പറഞ്ഞു. രക്ഷ പ്രാപിക്കാൻ ഇടുങ്ങിയ വാതിലിലൂടെ പ്രവേശിക്കുക. അതായത് കരുണ, ക്ഷമ, ശുശ്രൂഷ തുടങ്ങി ഉപവി പ്രവർത്തികളിലൂടെ കടന്നുവരുന്ന വിജാതിയനും സ്വർഗ്ഗരാജ്യം ലഭിക്കും. ആദിമ സഭയുടെ ജീവിതപശ്ചാത്തലത്തിൽ സഭ തന്നെ ഇടുങ്ങിയ വാതിലാണ്. അതിലൂടെ യേശുവിലെത്തിയവർ സഹിച്ച പീഢനങ്ങൾ നമ്മൾ മനസ്സിലാക്കിയതാണ്. അതിനാൽ നിരന്തരമായ പരിശ്രമത്തിലൂടെ അനുദിനം നമ്മുടെ കുരിശുമെടുത്ത് ഇടുങ്ങിയ വഴിയിലൂടെ യേശുവിനെ അനുഗമിക്കുമ്പോഴാണ് നാം നമ്മുടെ ജീവിതം സുരക്ഷിതമാക്കുന്നത്. നിത്യജീവന് നാം അവകാശികളാകുന്നത്.

ദൈവരാജ്യ പ്രവേശത്തിനു ഒഴിച്ചുകൂടാൻ വയ്യാത്ത സുവസ്ഥയാണ് നീതിനിഷ്ഠമായ ജീവിതം - യേശുവിനോടുള്ള വ്യക്തിപരമായ ബന്ധം കുടുംബത്തോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്വത്തിൽ നിന്ന് നമ്മെ മോചിപ്പിക്കുന്നില്ല. മറിച്ച് കൂടുതൽ പ്രതിബദ്ധത നമ്മിൽ നിന്നാവശ്യപ്പെടുകയാണ്. എന്നാൽ കുടുംബത്തോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടാനുള്ള മാർഗ്ഗമായി ഭക്തിയെ നാം കാണരുത്. ഞാൻ യേശുവിനാൽ വിളിക്കപ്പെട്ടവനാണ് അവിടുത്തെ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നവനാണ് എന്നു പറഞ്ഞ് നമുക്കുള്ള ഉത്തരവാദിത്വം നാം മറക്കരുത്. ഒരു കുടുംബത്തിൽ, സമൂഹത്തിൽ ഞാൻ ചെയ്യേണ്ട കാര്യം വ്യക്തമായും കൃത്യമായും ചെയ്തെങ്കിൽ മാത്രമേ നിഷ്ഠമായ ജീവിതം ഞാൻ നയിച്ചു എന്നു പറയാനാവൂ. അല്ലാതെ നാം അടക്കപ്പെട്ട വാതിലിനു മുമ്പിൽ നിന്ന് മുട്ടുമ്പോൾ "നിങ്ങൾ എവിടെ നിന്നാണെന്ന് ഞാൻ അറിയുന്നില്ല" എന്നായിരിക്കും മറുപടി.

ദേവാലയത്തിൽ തടിച്ചുകൂടിയിരുന്ന ദൈവജനത്തെ നോക്കി ദൈവത്തിന്റെ സ്വരത്തിൽ ആമോസ് പ്രവാചകൻ വിളിച്ചു പറഞ്ഞു; "എനിക്കു മടുത്തു, നിങ്ങളുടെ മഹാസമ്മേളനങ്ങളിൽ എനിക്ക് ഇഷ്ടമില്ല. നിങ്ങളുടെ ബലികൾ എനിക്കു വേണ്ട. നിങ്ങളുടെ സ്തോത്രഗീതം എനിക്ക് ആസ്വദിക്കാനാവുന്നില്ല. പിന്നെ എന്താണാവോ ദൈവത്തിനു പ്രിയങ്കരം?" പ്രവാചകൻ തുടരുന്നു; "നിങ്ങളുടെ നീതി ജലംപോലെ ഒഴുകട്ടെ സത്യം ഒരിക്കലും വറ്റാത്ത നീർച്ചാൽ പോലെയും." സത്യസന്ധവും നീതിനിഷ്ഠവുമായ ജീവിതത്തിനെ ദൈവത്തെ പ്രസാദിപ്പിക്കാനാവൂ.

മിക്ക പ്രവാചകന്റെ പുസ്തകത്തിൽ ഒരു ഭക്തന്റെ ചിത്രം നാം കാണുന്നുണ്ട് (6:6-9). അയാളുടെ ഒരേ ഒരു ചിന്ത ദൈവത്തെ എങ്ങനെ പ്രസാദിപ്പിക്കാം എന്നാണ്. ഭക്തൻ ചോദിക്കുന്നു; "എന്താണ് ഞാൻ അങ്ങേക്ക് കാഴ്ച നൽകേണ്ടത്. എങ്ങനെ കുമ്പിട്ടാണ് അങ്ങ് പ്രസാദിക്കുക. ഒരു വയസ്സുള്ള കാളക്കുട്ടിയെ ഞാൻ ബലി അർപ്പിക്കണോ? ആയിരക്കണക്കിനു മുട്ടാടുകളെ ബലി തന്നാലോ? പതിനായിരക്കണക്കിന് കുടം എണ്ണ കമഴ്ത്തിയാലോ, അതോ എന്റെ മകനെ ഞാൻ ബലി സമർപ്പിക്കണമോ?" പ്രവാചകനിലൂടെ ദൈവം അയാളോടു പറയുന്നു; "അല്ലയോ മനുഷ്യാ നല്ലതെന്തെന്ന് നിന്നോടു ഞാൻ പണ്ടേ പറഞ്ഞിട്ടുണ്ടല്ലോ - നീതി പ്രവർത്തിക്കുക, കരുണകാണിക്കുക, വിനയത്തോടെ നിന്റെ ദൈവത്തോടൊപ്പം നടക്കുക."

നിയമം കർശനമായി പാലിക്കുന്ന ഫരിസേയരോടു യേശു പറഞ്ഞത് "കപടനാട്യക്കാരായ ഫരിസേയരെ നിങ്ങൾക്കു ദുരിതം നിങ്ങൾ തുളസിയുടെയും ചതക്കുപ്പയുടെയും ദശാംശം കൊടുക്കുന്നു. എന്നാൽ നിയമത്തിലെ പ്രധാനപ്പെട്ട നീതി, കാരുണ്യം, വിശ്വസ്തത നിങ്ങൾ വിട്ടുകളയുന്നു." ദൈവത്തോടും തന്നോടും കുടുംബത്തോടും സമൂഹത്തോടും നീതിപുലർത്താൻ നാം കടപ്പെട്ടിരിക്കുന്നു. ശിക്ഷിക്കുന്നതിൽ ദൈവം അമാന്തം കാണിക്കുന്നതിന്റെ മറവിൽ യാതൊരു ഉളുപ്പും കൂടാതെ പാപം ചെയ്തുകൊണ്ടിരിക്കുന്നത് അനീതിയാണ്. അങ്ങനെയുള്ളവർക്ക് നാശം എന്ന് വചനം തന്നെ സാക്ഷ്യപ്പെടുത്തന്നു ആകയാൽ നീതിനിഷ്ഠമായ ജീവിതം നമുക്ക് നയിക്കാം

അത് വീതികുറഞ്ഞ പാതയിലൂടെ നടന്ന് സ്വർഗ്ഗ രാജ്യത്തിലെത്താൻ നമ്മെ സഹായിക്കും.

സ്വന്തം പുണ്യത്തിലെന്നതിലുപരി ദൈവ ത്തിന്റെ കൃപയിലാശ്രയിക്കാനാണ് വചനം തരുന്ന മൂന്നാമത്തെ സന്ദേശം. യേശുവിനോടുള്ള വ്യക്തി പരമായ ബന്ധവും അനുദിന കുരിശുമെടുത്ത് അവിടുത്തെ പിന്നാലെയുള്ള ഗമനവും ദൈവരാജ്യ പ്രവേശനത്തിനും രക്ഷക്കും കാരണമാകുമെങ്കിലും ഇത് ദൈവത്തിന്റെ ദാനമാണ്. എന്റെ കഴിവാണ്, ഞാൻ ചെയ്ത കാരുണ്യപ്രവൃത്തിയാണ്, എന്റെ ദാനമാണ് ഈ സഹോദരന്റെ ജീവിതം. ഞാനാണ് ഇവന്റെ പഠനചിലവ് വഹിക്കുന്നത്, ഞാനാണീ പള്ളിക്കു കുരിശുപള്ളി പണിതു നൽകിയത്, ഞാനാണ് എന്നും ഉപവസിച്ച് പ്രാർത്ഥിക്കുന്നത് എന്നു പറഞ്ഞ് ഇഹത്തിൽ വ്യാപരിച്ച് മരണ ശേഷം സ്വർഗ്ഗകവാടത്തിൽ മുട്ടുമ്പോൾ അബ്രാ ഹവും, ഇസഹാക്കും, യാക്കോബും സകല പ്രവാ ചകന്മാരും ദൈവരാജ്യത്തിലിരിക്കുന്നതായും നാം പുറന്തള്ളപ്പെടുന്നതായും അനുഭവപ്പെടും. ജീവി തത്തിൽ നാം അവഗണിച്ച പലരെയും അവിടെ കാണും. പരിശുദ്ധനായ ഫരിസേയനെക്കാൾ ദൈവസന്നിധിയിൽ നീതികരിക്കപ്പെടുന്നത് പാപി യായ ചുങ്കക്കാരനാണ്. പുണ്യപ്പെട്ടു ജീവിച്ച മൂത്ത പുത്രനെക്കാൾ മുമ്പ് പിതാവിന്റെ വിരുന്ന് ആസ്വ ദിക്കാൻ സാധിച്ചത് പാപിയായ ധൂർത്തപുത്രനാ ണ്. ആകയാൽ നമ്മുടെ പ്രവൃത്തികൾ ഇപ്പോൾ പിമ്പന്മാരായി നിൽക്കുന്നതാവട്ടെ ദൈവകൃപയിൽ ആശ്രയിച്ച് തിരിച്ചുവന്നാൽ അത് നമ്മെ മുൻനിര യിൽ കൊണ്ടെത്തിക്കും.

പ്രിയപ്പെട്ടവരെ യേശുമാത്രമാണ് ദൈവരാജ്യ ത്തിലേക്കുള്ള വഴിയും വാതിലും. അതിനു നമ്മെ സഹായിക്കുന്നതാണ് അനുദിനജീവിതത്തിലെ നമ്മുടെ കുരിശുകൾ. അവ സന്തോഷത്തോടെ സ്വീകരിച്ചുകൊണ്ട് നീതിയുടെയും കാരുണ്യത്തി ന്റെയും വിനയത്തിന്റെയും വിശ്വസ്തതയുടെയും ഹൃദയവാതിൽ നമുക്കു തുറക്കാം. വിശുദ്ധ കുർബ്ബാ നയിൽ നാം പ്രാർത്ഥിക്കുന്നതുപോലെ "നീതി യുടെ വാതിൽ ഞങ്ങൾക്കായ് തുറക്കണമേ, നിന്റെ സന്നിധിയിലേക്ക് പാപികളേവരെയും മാടിവിളിച്ച വനേ അനുതാപികളായ ഞങ്ങൾക്കെല്ലാം അങ്ങേ വാതിൽ തുറന്നു തന്ന് നിന്റെ മുമ്പിൽ സ്തുതി ആലപിക്കാൻ യോഗ്യരാക്കണമേ" എന്ന് ആത്മാർ ത്ഥമായി പ്രാർത്ഥിക്കാം. ◆

